ഉത്തരം

(എ) ആലപ്പുഴ നഗരസഭ സ്റ്റേഡിയം നിർമ്മിക്കുന്നതിന് വേണ്ടി മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള 5.96 ഏക്കർ സ്ഥലം ഭാഗികമായി ഫില്ലിംഗ് ജോലി നടത്തിയിട്ടുണ്ട്. 400 മീറ്റർ ട്രാക്കിനുള്ള സൗകര്യത്തോടുകൂടി സ്റ്റേഡിയം വികസിപ്പിക്കുന്നതിന് ഇനി 4 ഏക്കർ സ്ഥലം കൂടി ആവശ്യമാണ്. ആയത് അക്വയർ ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നു. സ്റ്റേഡിയം നിർമ്മാണത്തിന് മേൽനോട്ടം വഹിക്കുന്നത് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള ജനകീയ കമ്മിറ്റിയാണ്. 2003-04-ലെ കേരള വികസന പദ്ധതിയിൽപ്പെടുത്തി സ്ഥലം വാങ്ങുന്നതിനും മറ്റുമായി 31.5 ലക്ഷം രൂപയ്ക്കുള്ള പ്രോജക്ട് തയ്യാറാക്കി ഡി. പി. സി.-യുടെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ആലപ്പുഴ നഗരസഭയുടെ 2003-04 വർഷത്തെ ബഡ്ജറ്റിൽ ഈ ആവശ്യത്തിനായി 14 ലക്ഷം രൂപാ വകയിരുത്തിയിട്ടുണ്ട്. ഈ ആവശ്യത്തിനായി അധിക കേന്ദ്രസഹായ പദ്ധതിയിൻകീഴിൽ 25 ലക്ഷം രൂപാ അനുവദിക്കുകയും ആയത് 2003-04 ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുള്ളതായി പൊതു വിദ്യാഭ്യാസ (സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ്) വകുപ്പ് അറിയിച്ചിട്ടുണ്ട്.

"കോമൺവെൽത്ത് ലോക്കൽ ഗവൺമെന്റ് ഫോറവും ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ ഗവൺമെന്റ്സും സംയുക്തമായി നടപ്പിലാക്കുന്ന സ്കീം"

129 [130] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോമൺവെൽത്ത് ലോക്കൽ ഗവൺമെന്റ് ഫോറവും ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ ഗവൺമെന്റ്സും സംയുക്തമായി നടപ്പിലാക്കുന്ന ഏതെങ്കിലും സ്കീം സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സ്കീമുകളിലൂടെ സംസ്ഥാന സർക്കാരിന് എത്ര തുക ലഭിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ഈ സ്കീമുകളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഓരോ സ്കീമിന്റെയും കാലാവധി എത്രയെന്നും വ്യവസ്ഥകൾ എന്തെല്ലാമെന്നും വിശദമാക്കുമോ;

(ഇ) ഓരോ സ്കീമും എപ്രകാരമാണ് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്നും അതിനു ചുമതല വഹിക്കുന്നത് ആരൊക്കെയാണെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി, സി, ഡി & ഇ) ചോദ്യം ഉദിക്കുന്നില്ല.

ഹെൽത്ത് പ്രോജക്ട്

130 [131] ശ്രീ. എ. കെ. ബാലൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. പി. ജയരാജൻ:
,, പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഹെൽത്ത് പ്രോജക്ട് നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രോജക്ടിനെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) നിലവിൽ സർക്കാർ ആശുപത്രികളിൽ നിന്നും ചികിത്സാ സേവനങ്ങൾ ലഭ്യമാക്കിക്കൊണ്ടിരിക്കുന്ന ഏതെങ്കിലും ജനവിഭാഗങ്ങളെ ടി പ്രോജക്ടിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുവാനുള്ള മാനദണ്ഡങ്ങൾ ഇതിൽ നിശ്ചയിച്ചിട്ടുള്ളതായി അറിയുമോ;

(ഡി) സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഹെൽത്ത് പ്രോജക്ടിനെ സംബന്ധിച്ച രേഖകൾ പൂർണ്ണമായും ലഭ്യമാക്കാമോ;

(ഇ) ഇപ്പോൾ ചികിൽസാ സൗകര്യങ്ങൾ ലഭ്യമാക്കുന്ന മാനദണ്ഡമനുസരിച്ച് പൊതുജനങ്ങൾക്ക് പൂർണ്ണമായും മേലിലും അത് ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ലോകബാങ്കിന്റെ സഹായത്തോടുകൂടിയുള്ള 810.40 കോടി രൂപയുടെ സെക്കന്ററി ഹെൽത്ത് സിസ്റ്റം പ്രോജക്ട് ലോക ബാങ്കിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) ആരോഗ്യ മേഖലയിലെ താലൂക്കാശുപത്രികൾ, ഗവ. ആശുപത്രികൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ എന്നിവയുടെ പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് പ്രസ്തുത പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പുതിയ ആശുപത്രി കെട്ടിടങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly